'ഭരണഭാഷ മാതൃഭാഷ'

# വ്യാവസായിക പരിശീലന വകുപ്പ്
## (കേരള സംസ്ഥാനം)

## ട്രെയിനിംഗ് ഡയറക്ടറുടെ നടപടിക്രമം
### (ഹാജർ: കെ.ബിജു.ഐ.എ.എസ്)

നമ്പർ.എ3/5350/2011.

തൈക്കാട്, തിരുവനന്തപുരം-14,
തിയതി: 02.11.2012.

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ് - ജീവനക്കാര്യം - സീനിയർ സൂപ്രണ്ട് തസ്തികയിലേയ്ക്കുള്ള ഉദ്യോഗക്കയറ്റം - ഉത്തരവ് പുറപ്പെടുവിക്കുന്നത് സംബന്ധിച്ച് -

പരാമർശം:- 1. 6671/സി1/11/തൊഴിൽ നമ്പർ സർക്കാർ കത്ത്.
2. 21.05.2012-ലെ അസാധാരണ ഗസറ്റ് വാല്യം 1035.
3. എ3/5350/11-ാം നമ്പർ 02.11.2012-ലെ നടപടിക്രമം.

വ്യാവസായിക പരിശീലന വകുപ്പിലെ അഡ്ഹോക്ക് ഡി.പി.സി (ലോവർ) 27.03.2012-ൽ കൂടിയ യോഗത്തിൽ തയ്യാറാക്കിയ, സീനിയർ സൂപ്രണ്ടുമാരായി ഉദ്യോഗക്കയറ്റം ലഭിക്കാൻ അർഹതയുള്ള ജൂനിയർ സൂപ്രണ്ടുമാരുടെ സെലക്ട് ലിസ്റ്റ് സർക്കാരിലേയ്ക്ക് അയയ്ക്കുകയും ആയത് 21.05.2012 തീയതിയിലെ ഗസറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തിരുന്നു.

കയ്യൂർ ഐ.ടി.ഐ.യിലെ സീനിയർ സൂപ്രണ്ടായ ശ്രീ. ചന്ദ്രഹാസനും കോഴിക്കോട് വനിതാ ഐ.ടി.ഐ.യിലെ സീനിയർ സൂപ്രണ്ടായ ശ്രീ. അബ്ദുള്ള.വി.കെ.യും 31.10.2012-ൽ സേവനത്തിൽ നിന്നും വിരമിച്ചതുമൂലം സീനിയർ സൂപ്രണ്ട് തസ്തികയിൽ രണ്ട് ഒഴിവ് ഉണ്ടാവുകയുണ്ടായി.

പരാമർശം (3) പ്രകാരം കാസർഗോഡ് ഐ.ടി.ഐ.യിലെ സീനിയർ സൂപ്രണ്ടായിരുന്ന ശ്രീ. ഇ.വേണുനാഥനെ കോഴിക്കോട് വനിതാ ഐ.ടി.ഐ.യിലെ സീനിയർ സൂപ്രണ്ട് തസ്തികയിലെ ഒഴിവിൽ നിയമിക്കുകയുണ്ടായി.

ഇപ്രകാരം കാസർഗോഡ് ഐ.ടി.ഐ.യിലും, കയ്യൂർ ഐ.ടി.ഐ.യിലും ഉണ്ടായ സീനിയർ സൂപ്രണ്ട് തസ്തികയിലെ ഒഴിവിലേയ്ക്ക് ഒന്നാം പരാമർശ പ്രകാരം ഡി.പി.സി. (ലോവർ) അംഗീകരിച്ച സെലക്ട് ലിസ്റ്റിലെ അടുത്ത ഉദ്യോഗക്കയറ്റത്തിന് അർഹരായ ക്രമ നമ്പർ 7, 8 ആയിട്ടുള്ള താഴെ പറയുന്ന ജൂനിയർ സൂപ്രണ്ടുമാരെ കെ.എസ് ആന്റ് എസ്.എസ്.ആർ-ലെ പൊതുചട്ടം 28(ബി) (ii) പ്രകാരം 18740-33680 രൂപാ ശമ്പള നിരക്കിൽ സീനിയർ സൂപ്രണ്ടായി സ്ഥാനക്കയറ്റം നൽകി ഉത്തരവാകുന്നു.

| ക്രമ നം | സീനിയോറിറ്റി ലിസ്റ്റിലെ ക്രമ നമ്പർ | പേരും നിലവിൽ സേവനമനുഷ്ഠിക്കുന്ന സ്ഥാപനവും | സ്ഥാനക്കയറ്റം നൽകി നിയമിക്കുന്ന സ്ഥാപനം |
|---|---|---|---|
| 1. | 7 | ശ്രീ. പി.സി.സതീശൻ,<br>ആർ.ഐ.സെന്റർ, ആലപ്പുഴ | ഐ.ടി.ഐ.<br>കാസർഗോഡ് |
| 2. | 8 | ശ്രീമതി. എസ്.പ്രീത,<br>ഐ.ടി.ഐ. വാണിയംകുളം | ഐ.ടി.ഐ. കയ്യൂർ |

ഉദ്യോഗക്കയറ്റം ലഭിച്ച ഉദ്യോഗസ്ഥർ സേവനത്തിൽ പ്രവേശിച്ച് ഒരു മാസത്തിനുള്ളിൽ ഓപ്ഷൻ നൽകിയിരിക്കേണ്ടതാണ്. ഉദ്യോഗക്കയറ്റം ലഭിച്ച ഉദ്യോഗസ്ഥർക്ക് നിയമപ്രകാരം യാത്രാബത്ത, സേവനത്തിൽ പ്രവേശിക്കാൻ സമയം എന്നിവയ്ക്ക് അർഹതയുണ്ടായിരിക്കും.

ഒപ്പ്
**ട്രെയിനിംഗ് ഡയറക്ടർ**

1. ശ്രീ. പി.സി.സതീശൻ,
   ജൂനിയർ അപ്രന്റീസ്ഷിപ്പ് അഡ്വൈസർ (എൻ.റ്റി),
   ആർ.ഐ.സെന്റർ, ആലപ്പുഴ.
2. ശ്രീമതി. എസ്.പ്രീത,
   ജൂനിയർ സൂപ്രണ്ട്,
   ഐ.ടി.ഐ. വാണിയംകുളം

**പകർപ്പ്:-**
1. അക്കൗണ്ടന്റ് ജനറൽ (എ&ജെ) (ആമുഖ കത്ത് സഹിതം).
2. പ്രിൻസിപ്പാൾ, ഐ.ടി.ഐ. കാസർഗോഡ്/കയ്യൂർ/ വാണിയംകുളം.
3. കരുതൽ ഫയൽ (എ3)

//ഉത്തരവിൻ പ്രകാരം//

സീനിയർ സൂപ്രണ്ട്

ഡി/03.11.